**പതിനഞ്ചാം കേരള നിയമസഭ**

**പതിനാറാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 248** **27-01-2026-ൽ മറുപടിയ്ക്ക്**

**<u>മസ്തിഷ്കജ്വര വ്യാപനം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. മാണി. സി. കാപ്പൻ ശ്രീ. കെ. മുരളീധരൻ

(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്ത് മസ്തിഷ്കജ്വരം വ്യാപകമായി പടർന്നുപിടിക്കുന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അത് ഫലപ്രദമായി തടയാൻ എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് നടത്തിവരുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** 2023-ലെ നിപ്പരോഗബാധയെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ എല്ലാം തന്നെ റിപ്പോർട്ട് ചെയ്യണമെന്ന നിർദ്ദേശം നൽകിയതിനെത്തുടർന്ന് മസ്തിഷ്കജ്വരങ്ങൾ കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഓരോ കേസിന്റെയും കാരണം കണ്ടെത്തുന്ന നടപടികളും കർശനമായി നടക്കുന്നുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലാണ് അമീബിക് മസ്തിഷ്കജ്വരം സംബന്ധിച്ച കേസുകൾ കൂടുതലായി കണ്ടെത്താൻ തുടങ്ങിയത്. രോഗം നേരത്തെ കണ്ടെത്താൻ സാധിക്കുന്നതുകൊണ്ട് കേരളത്തിൽ മരണനിരക്ക് ആഗോള ശരാശരിയേക്കാൾ വളരെ കുറവാണ്.

വിവിധ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നതും അപൂർവ്വമായി മനുഷ്യരിൽ രോഗബാധ ഉണ്ടാക്കുന്നതുമായ ഒരു സൂക്ഷ്മാണുവാണ് അമീബ. കായലുകൾ, പുഴകൾ, നീരുറവകൾ, കുളങ്ങൾ, പൈപ്പ് വെള്ളം തുടങ്ങി വിവിധ ജലസ്രോതസ്സുകളിൽ ഇവ കാണപ്പെടുന്നു. മലിനമായ ജലത്തിലും, പ്രത്യേകിച്ച് കെട്ടി നിൽക്കുന്ന ജലസ്രോതസ്സുകളിലും ഇവ കാണാനുള്ള സാധ്യത കൂടുതലാണ്.

Naeglaria Fowleri എന്ന സ്വതന്ത്രമായി ജീവിക്കുന്ന അമീബയാണ് പ്രൈമറി അമീബിക് മസ്തിഷ്ക ജ്വരത്തിനു (Primary Amoebic Meningoencephalitis) കാരണമാകുന്നത്. $45^0C$ വരെ താപനില സഹിക്കാൻ കഴിയുന്ന Naeglaria Fowleri അമീബ മണ്ണിലും ശുദ്ധജല സ്രോതസ്സുകളിലും പ്രത്യേകിച്ച് ഒഴുക്ക് കുറഞ്ഞതും വെള്ളം കെട്ടിനിൽക്കുന്നതുമായ ജലസ്രോതസ്സുകളിൽ കാണപ്പെടുന്നു. ശുദ്ധജല തടാകങ്ങൾ, കായലുകൾ, നദികൾ, ചൂടുള്ള നീരുറവകൾ, ശുദ്ധീകരിക്കാത്ത നീന്തൽകുളങ്ങൾ, ശുദ്ധീകരിക്കാത്ത ജലസംഭരണികൾ, മലിനമായ മറ്റു ജലസ്രോതസ്സുകൾ എന്നിവയിൽ ഇവ കാണപ്പെടുന്നു. ജലസ്രോതസ്സുകളുടെ താപനില ഉയരുമ്പോൾ ഇവയുടെ സാന്നിദ്ധ്യത്തിനുള്ള സാധ്യത കൂടുതലാണ്. അമീബയുടെ സാന്നിദ്ധ്യമുള്ള ജലസ്രോതസ്സുകളിൽ കുളി, നീന്തൽ, ഡൈവിംഗ്, വാട്ടർ സ്കീയിംഗ്, സർഫിംഗ് തുടങ്ങിയ പ്രവൃത്തികളിൽ ഏർപ്പെടുമ്പോഴും, ഇത്തരം ജലം ഉപയോഗിച്ച് മുഖം കഴുകുമ്പോഴും, മൂക്ക് കഴുകുമ്പോഴും മൂക്കിനുള്ളിലെ സ്ലേഷ്മപാളിയിലൂടെയും കിബ്രിഫോം പ്ലേറ്റിലെ ചെറുസുഷിരങ്ങളിലൂടെയും ഇവ തലച്ചോറിലേയ്ക്ക് പ്രവേശിച്ച് മസ്തിഷ്ക്കജ്വരത്തിന് കാരണമാകുന്നു. ഗ്രാനുലോമാറ്റസ് അമീബിക് എൻസെഫലൈറ്റിസ് (Granulomatous Ameobic Encephalitis) Acanthamoeba spp., Balamuthia mandrillaris, Sappinia diploidea, Vermamoeba vermiformis എന്നീ വിഭാഗത്തിലുള്ള സൂക്ഷ്മാണുക്കൾ കാരണമാണ് ഉണ്ടാകുന്നത്. ശ്വാസകോശം, ത്വക്ക് എന്നിവയിലൂടെ

പ്രവേശിച്ച് തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു. അപൂർവ്വമായി കണ്ണുകളിൽ അണുബാധയുണ്ടായി നാഡികളിലൂടെ തലച്ചോറിൽ എത്തുകയും രോഗലക്ഷണങ്ങൾ ഉണ്ടാക്കുകയും ചെയ്യുന്നു.

അമീബിക് മസ്തിഷ്കജ്വരം ഉണ്ടായ രോഗികളുടെ വീടുകളിലെ കിണറുകൾ, ജലസംഭരണികൾ, പൈപ്പ് വെള്ളം, ഇവർ ഉപയോഗിച്ചിരുന്ന പൊതു കിണറുകൾ, കുളങ്ങൾ, നീന്തൽകുളങ്ങൾ എന്നിവിടങ്ങളിൽ നടത്തിയ പരിശോധനകളിൽ ചില സാമ്പിളുകളിൽ അമീബയുടെ സാന്നിദ്ധ്യം വ്യക്തമായിട്ടുണ്ട്. വിവിധ ജലസ്രോതസ്സുകളിൽ Balamuthia mandrillaris, Vermameoba vermiformis, Paravahikampfika Francinae, Acanthameoba എന്നീ അമീബാ വകഭേദങ്ങളുടെ സാന്നിദ്ധ്യം PCR പരിശോധനയിലൂടെ സ്ഥിരീകരിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച് സമഗ്രമായ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുവാനായി ഒരു ടെക്നിക്കൽ വർക്ക് ഷോപ്പ് ആരോഗ്യ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയുണ്ടായി. ഈ ശില്പശാലയിൽ ഏകാരോഗ്യ സമീപനത്തിലൂന്നിയ ഒരു ആക്ഷൻ പ്ലാൻ രൂപീകരിക്കുകയുമുണ്ടായി.

മസ്തിഷ്കജ്വരം ഫലപ്രദമായി തടയാൻ സ്വീകരിച്ചിരിക്കുന്ന നടപടികൾ **അനുബന്ധം 1** ആയി ചേർക്കുന്നു.

**(ബി)** പാലാ നിയോജകമണ്ഡലത്തിൽ മസ്തിഷ്ക ജ്വരം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** കോട്ടയം ജില്ലയിൽ പാലാ നിയോജക മണ്ഡലത്തിൽ ഒരു അമീബിക് മസ്തിഷ്കജ്വര കേസ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. രാമപുരം സ്വദേശിയായ 31 വയസ്സുള്ള സ്ത്രീയിലാണ് പി.സി.ആർ പരിശോധനയിലൂടെ 12.12.2025-ന് രോഗം സ്ഥിരീകരിച്ചത്. കോട്ടയം മെഡിക്കൽ കോളേജിൽ ചികിത്സ നൽകി. രോഗം ഭേദമായി ഡിസ്ചാർജ്ജ് ചെയ്തിട്ടുണ്ട്.

**(സി)** സംസ്ഥാനത്ത് മസ്തിഷ്ക ജ്വര വ്യാപനം മൂലം മരണങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ജില്ലതിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

**<u>മറുപടി:</u>** 2025 വർഷത്തിലെ മസ്തിഷ്ക ജ്വര വ്യാപനം മൂലം മരണപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ **അനുബന്ധം 2** ആയി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

അനുബന്ധം 2

**2025 വർഷത്തിലെ മസ്തിഷ്ക ജ്വര വ്യാപനം മൂലം മരണപ്പെട്ടവരുടെ ജില്ലതിരിച്ചുള്ള വിവരങ്ങൾ**

| | 2025 | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | AES & JE | | | | West Nile | | | | Amoebic Meningo encephalitis | |
| | AES | | JE | | Sus | | Con | | Con | |
| | C | D | C | D | C | D | C | D | C | D |
| തിരുവനന്തപുരം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 74 | 13 |
| കൊല്ലം | 0 | 0 | 0 | 0 | 0 | 0 | 0 | 0 | 33 | 7 |
| പത്തനംതിട്ട | 4 | 0 | 0 | 0 | 0 | 0 | 0 | 0 | 2 | 1 |
| ഇടുക്കി | 1 | 1 | 0 | 0 | 0 | 0 | 0 | 0 | 3 | 1 |
| കോട്ടയം | 1 | 1 | 1 | 0 | 0 | 0 | 0 | 0 | 3 | 0 |
| ആലപ്പുഴ | 2 | 0 | 0 | 0 | 1 | 0 | 2 | 0 | 3 | 0 |
| എറണാകുളം | 2 | 2 | 0 | 0 | 3 | 0 | 0 | 0 | 3 | 0 |
| തൃശ്ശൂർ | 27 | 0 | 0 | 0 | 0 | 0 | 0 | 0 | 10 | 2 |
| പാലക്കാട് | 30 | 3 | 0 | 0 | 1 | 0 | 0 | 0 | 8 | 2 |
| മലപ്പുറം | 76 | 7 | 2 | 0 | 14 | 3 | 0 | 0 | 26 | 10 |
| കോഴിക്കോട് | 16 | 0 | 0 | 0 | 7 | 1 | 0 | 0 | 28 | 9 |
| വയനാട് | 10 | 4 | 0 | 0 | 0 | 0 | 0 | 0 | 3 | 1 |
| കണ്ണൂർ | 1 | 0 | 0 | 0 | 2 | 0 | 0 | 0 | 2 | 1 |
| കാസർഗോഡ് | 2 | 2 | 0 | 0 | 0 | 0 | 0 | 0 | 3 | 0 |

സെക്ഷൻ ഓഫീസർ